LIBRARY ARCHIVES Kerala Legislative Assembly

കേരള ബാങ്ക് മൊബൈൽ എ.ടി.എം.

232(3664) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് മൊബൈൽ എ.ടി.എം. കൗണ്ടറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

കേരള ബാങ്കിന്റെ കണ്ണൂർ, കോഴിക്കോട്, എറണാകുളം, വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ മൊബൈൽ എ.ടി.എം.-കൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ എത്ര മൊബൈൽ എ.ടി.എം. കൗണ്ടറുകൾ സേവനം നൽകി വരുന്നു; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ഒരു മൊബൈൽ എ.ടി.എം. കൗണ്ടറാണ് സേവനം നൽകിവരുന്നത്. കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി പത്ത് മൊബൈൽ വാനുകളിൽ എ.ടി.എം. സ്ഥാപിച്ചിട്ടുണ്ട്.

സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം

233(3665) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം സംസ്ഥാന സർക്കാരിൽനിന്നും എടുത്തുമാറ്റുന്ന വിധത്തിൽ എന്തെങ്കിലും നിർദ്ദേശം റിസർവ് ബാങ്കിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ ലഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ വരുത്തിയ പുതിയ ഭേദഗതി മൂലം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഭാവിയിൽ ബാങ്ക് എന്ന പദം ഉപയോഗിക്കാനോ ചെക്ക് ഇടപാട് നടത്താനോ സാധിക്കാതെ വരുമോ; ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാകണമെങ്കിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ അവയുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ഇടപാടുകാർക്ക് ചെക്ക് സൗകര്യം നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കേണ്ടതുമാണ്. ബാങ്കിംഗ്

നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ചുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേരളത്തിലെ സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഇല്ല.

(ഡി) സഹകരണ അർബൻ ബാങ്കുകളെ ലയിപ്പിച്ച് ഒന്നാക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

സഹകരണ അർബൻ ബാങ്കുകളെ ലയിപ്പിച്ച് ഒന്നാക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽനിന്നും നിർദ്ദേശങ്ങളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

കേരള ബാങ്കിൽ നിന്ന് സഹകരണ സംഘങ്ങൾക്ക് ഡിവിഡന്റ്

234(3666) ശ്രീ. അബ്ദുൽ ഹമീദ്. പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ കേരള ബാങ്കിൽ നിന്ന് സഹകരണ സംഘങ്ങൾക്ക് അടുത്ത മൂന്ന് വർഷം അവരുടെ ഓഹരി മൂലധനത്തിന് പത്ത് ശതമാനം ഡിവിഡന്റ് നൽകുന്നതാണെന്ന മുൻ സഹകരണ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ തയ്യാറാക്കിയ Scheme of Amalgamation-ന്റെ Claus-IV Transfer of Shares-ൽ ഇത്തരമൊരു പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷത്തെ ബാങ്കിന്റെ ലാഭ നഷ്ട കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ലാഭ വിഹിതം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2020-2021 സാമ്പത്തിക വർഷത്തെ ബാങ്കിന്റെ ലാഭനഷ്ട കണക്കുകളുടെ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണ്. ഓഡിറ്റ് പൂർത്തികരിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly